## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം. **6867**

13/07/2012 - ൽ മറുപടിയ്ക്ക്

### ആയുർവ്വേദത്തിന്റെ സാധ്യതകൾ

| ചോദ്യം<br>ശ്രീ.കെ.വി.അബ്ദുൾ ഖാദർ | | ഉത്തരം<br>ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | നടപ്പുസാമ്പത്തിക വർഷത്തെ ആരോഗ്യ പദ്ധതി വിഹിതത്തിൽ ആയുർവ്വേദ വിഭാഗത്തിന് അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്ന ആയുർവ്വേദ മെഡിക്കൽ അസോസിയേഷൻ ഓഫ് ഇന്ത്യയുടെ പരാതി ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ബഡ്ജറ്റിൽ പുതിയ ഡിസ്പെൻസറികൾ തുടങ്ങാനുള്ള നിർദ്ദേശങ്ങളില്ല എന്ന് കാണിച്ചുകൊണ്ടുള്ള ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. |
| (ബി) | പകർച്ചവ്യാധി പ്രതിരോധത്തിലടക്കം ആയുർവ്വേദ വിഭാഗത്തിന് അനുവദിച്ച തുക വളരെക്കുറവാണെന്നത് പരിശോധിച്ചിട്ടുണ്ടോ; | (ബി) | പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾക്കായി 10 ലക്ഷം രൂപ പദ്ധതി വിഹിതത്തിൽ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഫണ്ട് അനുവദിക്കുന്നതിനായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദമായ നിർദ്ദേശം സമർപ്പിക്കാൻ ഭാരതീയ ചികിത്സാവകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | വിവിധ രോഗങ്ങൾ സുഖപ്പെടുത്തുവാൻ ആയുർവ്വേദത്തിന്റെ സാധ്യതകൾ പൊതുജനങ്ങൾക്ക് വേണ്ടി ഉപയോഗപ്പെടുത്താൻ തയ്യാറാകുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | എല്ലാ ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറികളിലും, ആശുപത്രികളിലും വിവിധ രോഗങ്ങൾ സുഖപ്പെടുത്തുന്ന തിനുള്ള ആയുർവേദ ചികിത്സാ രീതികൾ ലഭ്യമാണ്. കൂടാതെ, ആയുർവേദ ബോധന സെമിനാറുകളും, ക്യാമ്പുകളും മറ്റും ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ